സ.ഉ.(സാധാ) നം.354/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല - കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന റദ്ദ് ചെയ്ത്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.354/2022/LSGD തീയതി,തിരുവനന്തപുരം, 18-02-2022

---

പരാമർശം:-

1. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.2019 തീയതിയിൽ നടന്ന അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനം.
2. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.03.2019 തീയതിയിൽ നടന്ന അടിയന്തിര യോഗത്തിലെ 1/1 നമ്പർ തീരുമാനം.
3. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.03.2019 ലെ ബി 1-7629/18 നമ്പർ കത്ത്.
4. 26.03.2019 ലെ ലെ സ.ഉ(സാധാ) നം . 714/2019/തസ്വഭവ നമ്പർ ഉത്തരവ്.
5. റഫറൻസ് നമ്പർ 5/2019 ൻമേലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.12.2021 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ മായന്നൂർ വില്ലേജിൽ സർവ്വേ നമ്പർ 236 ൽ ശ്രീ. കാലടി മാധവൻ മകൻ ഭാസ്കരൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ മൊബൈൽ ടവർ നിർമ്മാണത്തിന് അനുമതിയ്ക്കുള്ള അപേക്ഷ 29.12.2018 ൽ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണത്തിനായി സമർപ്പിച്ച പ്ലാനിലെ അപാകതകൾ പരിഹരിച്ച് പുന:സമർപ്പിച്ച പ്ലാനിൽ എഞ്ചിനീയറിംഗ് വിഭാഗം നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ 21.02.2019 ൽ പെർമിറ്റ്

സ.ഉ.(സാധാ) നം.354/2022/LSGD

അനുവദിച്ചിരുന്നു. എന്നാൽ 8.03.2019 ൽ പ്രദേശ വാസികളായ 5 9 ഓളം പേർ ഒപ്പിട്ട പരാതി ലഭിക്കുകയും തുടർന്ന് ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി 12.03.2019ൽ അടിയന്തിര യോഗം വിളിക്കുകയും ടവർ നിർമ്മാണത്തിന് അനുമതി നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമെടുക്കുകയുമുണ്ടായി. തുടർന്ന് 04.03.2019 ലെ പുന:പരിശോധനാ യോഗത്തിൽ ടി പെർമിറ്റ് റദ്ദ് ചെയ്യുന്ന തീരുമാനം പുനപ്പരിശോധിച്ചുവെങ്കിലും, ടി തീരുമാനത്തിൽ ഉറച്ച് നിൽക്കുന്നതായി പരാമർശം (2) പ്രകാരം ഭരണസമിതി തീരുമാനിക്കുകയുണ്ടായി.

2 ) 13.09.2009 ലെ 2750/ആർഡി 2/09 സർക്കുലർ പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ആവശ്യമില്ല. കൂടാതെ 7.03.2013 ലെ 73816/ആർഡി 3/12/തസ്വഭവ നമ്പർ സർക്കുലർ, 19.06.2015 ലെ ജിഒ(ആർറ്റി) നം.1826/2015/തസ്വഭവ എന്നിവ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം ഇല്ലാത്തതിനാലും ബിൽഡിംഗ് റൂൾ ലംഘനമില്ലാതെ അനുവദിച്ച പെർമിറ്റ് റദ്ദ് ചെയ്യുന്ന നടപടി നിയമാനുസൃതമല്ലാത്തതിനാലും ടി തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നതിന് കൊണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1) , (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 191 (4) പ്രകാരം സ്റ്റേ ചെയ്ത് ,191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു: ട്രൈബ്യൂണലിന് റഫർ ചെയ്ത് കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3 ) ഈ വിഷയത്തിൽ പരാമർശം (5) പ്രകാരം ബഹു: ട്രൈബ്യൂണൽ ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ട്. അനുമതി നൽകിയ പെർമിറ്റ് പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് പിൻവലിക്കുന്നതിന് സെക്രട്ടറിയ്ക്ക് അധികാരമില്ലായെന്നും, പെർമിറ്റ് നൽകുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്നും, പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ ചട്ടങ്ങൾ പാലിച്ച് അനുവദിച്ചുള്ള പെർമിറ്റ് നിയമപരമാണെന്നും, നിലവിലെ നിയമവ്യവസ്ഥപ്രകാരം പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതിന് അധികാരമില്ലായെന്നും ,പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഭരണ സമിതിയുടെ അധികാര പരിധിയിൽ വരുന്നതല്ലാത്തതും അനധികൃതവുമാണെന്നും , ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നതു സംബന്ധിച്ച് സെക്രട്ടറിയുടെ തീരുമാനം പൂർണ്ണമായും ശരിയും നിയമവിധേയമാണെന്നും, പഞ്ചായത്ത് രാജ് നിയമം 191(2) പ്രകാരമുള്ള അധികാരം വിനിയോഗിച്ച്കൊണ്ട് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിൽ ബഹു ട്രൈബ്യൂണൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(സാധാ) നം.354/2022/LSGD

4) സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (5) പ്രകാരം ബഹു:തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.03.2019,14.03.2019 എന്നീ തീയതികളിലെ 1/1(12.03.2019), 2/1(14.03.2019) നമ്പർ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം 191(2) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിസി മോൾ. ഇ

ഡെപ്യൂട്ടിസെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്രട്ടറി,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ

, തിരുവനന്തപുരം(ആമുഖ കത്ത് പ്രകാരം).

സെക്രട്ടറി,കൊണ്ടാഴി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള ,തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

കരുതൽ ഫയൽ.